**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4109** **27-10-2021 - ൽ മറുപടിയ്ക്ക്**

**ന്യൂജനറേഷൻ മയക്കുമരുന്നുകളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സിന്തറ്റിക് ഡ്രഗ്സ് ഇനത്തിൽപ്പെട്ട ന്യൂജനറേഷൻ മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സിന്തറ്റിക് ഡ്രഗ്സ് ഇനത്തിൽപ്പെട്ട മയക്കുമരുന്ന് കേസുകൾ കൂടുതലായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം മയക്കുമരുന്നുകളുടെ ഉപയോഗവും വിൽപനയും തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ; | (ബി) | മയക്കുമരുന്നുകളുടെ ഉപയോഗവും വിൽപ്പനയും തടയുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സുശക്തമായ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ രഹസ്യ വിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിക്കുകയും, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി സ്കൂൾ/കോളേജ് പരിസരങ്ങളിലെ കടകളും മറ്റ് സ്ഥാപനങ്ങളും നിരീക്ഷിച്ച് പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു. ഓൺലൈൻ ഉൾപ്പെടെയുള്ള എല്ലാ പാഴ്സൽ സർവ്വീസ് സ്ഥാപനങ്ങളിലും, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, മറ്റ് വാഹനങ്ങൾ എന്നിവ പരിശോധിച്ച് ഇത്തരം മയക്കുമരുന്നുകളുടെ വില്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതോടൊപ്പം, സ്കൂൾ/കോളേജുകളിൽ മയക്കു മരുന്നുകളുടെ ഉപയോഗം തടയുന്നതിനായി വിമുക്തി മിഷന്റെ നേതൃത്വത്തിൽ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (സി) | നിരോധിത പുകയില ഉല്പന്നങ്ങളുടേയും ലഹരി വസ്തുക്കളുടേയും ഉപഭോഗം ഇല്ലാതാക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; | (സി) | നിരോധിത പുകയില ഉല്പന്നങ്ങളുടെയും ലഹരി വസ്തുക്കളുടേയും ഉപഭോഗം ഇല്ലാതാക്കുന്നതിനുവേണ്ടി രഹസ്യ വിവരങ്ങൾ ശേഖരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി, ഇത്തരം ഉല്പന്നങ്ങൾ പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി സ്റ്റേറ്റ് എൻഫോഴ്സ്മെന്റ് സ്ക്വാഡും, മൂന്ന് മേഖലാ സ്ക്വാഡുകളും നിലവിലുള്ള സംവിധാനങ്ങൾക്കുപുറമെ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്കിടയിലും, യുവജനങ്ങൾക്കിടയിലും ഊർജ്ജിതമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് ലഹരി ഉപഭോഗം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ലഹരി വസ്തുക്കൾ വിപണനം നടത്തിയതിന് ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ ആവശ്യമായ ബോധവൽക്കരണത്തിലൂടെ പുന:രധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദീകരിക്കുമോ? | (ഡി) | വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ജയിൽ വകുപ്പുമായി ചേർന്ന് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇവരെ പുനരധിവസിപ്പിക്കുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ